"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 11-09-2020

**സർക്കുലർ നം 75**

കോവിഡ് രോഗബാധ ഗൌരവമുള്ള അടുത്ത ഒരു ഘട്ടത്തിലേക്ക് കടക്കുന്നതായാണ് ആരോഗ്യ പ്രവർത്തകർ നിരീക്ഷിക്കുന്നത്. കഴിഞ്ഞ ദിവസത്തെ പരിശോധനയിൽ കണ്ണൂർ സെൻട്രൽ ജയിലിലെ ഒരു മുതിർന്ന അന്തേവാസിക്ക് കോവിഡ് രോഗബാധ സ്ഥിരീകരിച്ചതായി റിപ്പോർട്ട് വന്നിരിക്കുന്നു. ഇടവിട്ട് മറ്റ് ചില ജയിലുകളിലും കോവിഡ് ബാധ കണ്ടെത്തിയിട്ടുണ്ട്. സമീപ ദിവസങ്ങളിൽ സംസ്ഥാനത്താകമാനം കോവിഡ് രോഗ പരിശോധന നടത്തുകയും ബഹു ഭൂരിപക്ഷം തടവുകാരും ജീവനക്കാരും അരോഗാവസ്ഥയിലാണെന്ന് ഉറപ്പു വരുത്തുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് രോഗബാധ കണ്ടു വരുന്നുണ്ടെന്നാണ് മേൽപ്പറഞ്ഞ സംഭവങ്ങളിൽ നിന്നും മനസ്സിലാവുന്നത്.

തടവുകാരെ വളരെ സൂക്ഷമമായി നിരീക്ഷിക്കുകയും തിരക്കുള്ള സർക്കാർ ആശുപത്രിയിൽ മുമ്പ് ചികിത്സയ്ക്ക് അയച്ചിട്ടുള്ളവരുൾപ്പെടെയുള്ള തടവുകാരിൽ എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവരിൽ കോവിഡ് പരിശോധന നടത്താനും പ്രാഥമിക ഇടപഴകലുള്ള വരെ നിരീക്ഷിക്കാനും ജീവനക്കാരെ പ്രത്യേകം ചുമതലപ്പെടുത്താൻ എല്ലാ സൂപ്രണ്ടുമാർക്കും കർശന നിർദ്ദേശം നൽകുന്നു. ഇതിനോടൊപ്പം ജയിലിനുള്ളിൽ അന്തേവാസികൾ സാമൂഹിക അകലം പാലിക്കുന്നുണ്ടെന്നും മാസ്ക്, സാനിറ്റൈസർ എന്നിവ കൃത്യമായി ഉപയോഗിക്കുന്നുണ്ടെന്നും കൈകഴുകൽ പോലെയുള്ള കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്നും സൂപ്രണ്ടുമാരും ഉദ്യോഗസ്ഥരും ഉറപ്പു വരുത്തേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

DIG(HQ)-20459/2020/PrHQ

eb02f9